കളക്ടർമാർ ചെയ്തിട്ടുണ്ട്, ചെയ്തുകൊണ്ടിരിക്കുകയാണ്. മൂടാടി കടപ്പുറത്ത് 500 മീറ്റർ നീളത്തിലും മാന്നമംഗലത്ത് 700 മീറ്റർ നീളത്തിലും, കടൽഭിത്തി കെട്ടുന്ന ജോലികളും നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ ജോലിക്കും ഏകദേശം 15 ലക്ഷം രൂപ വേണ്ടിവരും. ഈ പ്രദേശങ്ങളിൽ വളരെ ഗുരുതരമായ കടലാക്രമണം ഉണ്ടായിട്ടില്ലെങ്കിൽപ്പോലും ഇതു വളരെ ഗൗരവമായിത്തന്നെയെടുത്തു വേണ്ടനടപടികളും സ്വീകരിക്കുന്നതാണ്:

(3) ശോഭന എന്ന യുവതിയുടെ സംശയകരമായ മരണം

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, എന്റെ നിയോജകമണ്ഡലമായ കടയ്ക്കൽ, മുല്ലക്കര ബ്ലാങ്കീഴ് എന്ന സ്ഥലത്ത് ശോഭന എന്ന പാവപ്പെട്ട യുവതിയെ കൊലപ്പെടുത്തിയതു സംബന്ധിച്ച് പ്രക്ഷുബ്ധമായ സ്ഥിതി നിലനിൽക്കുകയാണ്. ഈ കേസ് സംബന്ധിച്ച് ലോക്കൽ പോലീസ് ഇതുവരെ നടത്തിയ അന്വേഷണങ്ങളും തൃപ്തികരമല്ലാത്തതുകൊണ്ടാണ് നാട്ടുകാർ പ്രക്ഷോഭണം നടത്തുന്നത്. ഈ കേസ് ക്രൈംബ്രാഞ്ചിന് വിടണമെന്നുപറഞ്ഞ് നാട്ടുകാർ മുഖ്യമന്ത്രിക്കും ഐ.ജി.ക്കും നിവേദനം നടത്തിയെങ്കിലും ഈ കേസ് അന്വേഷിച്ച് കുറ്റക്കാരെ പുറത്തുകൊണ്ടുവരുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചാലും പല സ്വാധീനങ്ങളും അവിടെയും ഉണ്ടെന്നറിയാം. എങ്കിലും ഈ കൊലപാതകത്തിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നു നാട്ടുകാർ ആഗ്രഹിക്കുന്നു. അതുകൊണ്ട് ശോഭനയുടെ കൊലപാതകം സംബന്ധിച്ച് അന്വേഷണം നടത്തുവാനും, കുറ്റക്കാരെ കണ്ടുപിടിക്കുവാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ശോഭനയുടെ മരണം ഒരു ആത്മഹത്യയാണെന്നാണ് ഇതുവരെയുള്ള നിഗമനം. ശോഭനയുടെ അയൽവാസിയായ വിനോദനുമായി ശോഭന സ്നേഹത്തിലായിരുന്നു. വീട്ടുകാർ അത് അംഗീകരിക്കാത്തതുകൊണ്ട് അവർ വീടുവിട്ടുപോയി കോട്ടയത്തുള്ള ഒരു ലോഡ്ജിൽ മുറിയെടുത്തു താമസിച്ചു. 2 ദിവസം കഴിഞ്ഞു തിരിച്ചുവന്നതിനുശേഷം രണ്ടുപേരും വിഷം കഴിച്ച് കിടക്കുന്നതായിട്ടാണ് കണ്ടത്. വിനോദന്റെ വീട്ടുകാർ വിനോദനെ ആശുപത്രിയിൽ കൊണ്ടുപോയി. ശോഭന ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴിക്ക് മരിച്ചു. ഇതുസംബന്ധിച്ചുള്ള പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത് വിഷം കഴിച്ചിട്ടാണ് മരണം സംഭവിച്ചതെന്നാണ്. എങ്കിൽപോലും ഇതിനെക്കുറിച്ച് സംശയത്തിനിടയായതുകൊണ്ട് ഇതിന്റെ അന്വേഷണം ഇന്നലെത്തന്നെ ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചുകൊണ്ട് കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്.

(4) ഒല്ലൂർ റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒല്ലൂർ റെയിൽവേ സ്റ്റേഷനിൽ ഒരു ഓവർബ്രിഡ്ജ് പണിയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ രണ്ടു തവണ ഈ സഭയിൽ സബ്മിഷൻ ഉന്നയിച്ചിരുന്നതാണ്. അന്നത്തെ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായും ഈ പ്രശ്നം കൈകാര്യം ചെയ്യാമെന്നും ഒന്നാംഘട്ട മുൻഗണന നൽകാമെന്നും സഭയിൽ ഉറപ്പു തന്നിരുന്നു. പക്ഷേ ഇന്നുവരെ

LIBRARY ARCHIVES Kerala Legislative Assembly